പതിമൂന്നാം കേരളനിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1893 — 06.07.2015 ൽ മറുപടിക്ക്

## അന്യസംസ്ഥാന തൊഴിലാളികളിലെ കുറ്റവാളികളെ നിയന്ത്രിക്കാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.തിലോത്തമൻ | | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | |
| എ) | അന്യസംസ്ഥാന തൊഴിലാളികൾ പ്രതികളായ എത്ര കേസുകൾ ഇതിനോടകം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (എ) | 1322 കേസുകൾ. ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | അന്യസംസ്ഥാന തൊഴിലാളികൾ പ്രതികളായ നിരവധി കേസുകൾ ഉണ്ടാകുന്ന സാഹചര്യം കണക്കിലെടുത്ത് അവരുടെ പ്രവൃത്തികൾ നിരീക്ഷിക്കുന്നതിനും കുറ്റകൃത്യങ്ങൾ നിയന്ത്രിക്കുന്നതിനും എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | (ബി) | അന്യസംസ്ഥാന തൊഴിലാളികളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും പരിശോധിക്കുന്നതിനും എല്ലാ പോലീസുദ്യോഗസ്ഥർക്കും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സ്പെഷ്യൽ ബ്രാഞ്ച് ഇക്കാര്യത്തിൽ ജാഗ്രത പുലർത്തുന്നുണ്ട്. അന്യസംസ്ഥാന തൊഴിലാളികളുടെ തിരിച്ചറിയൽ രേഖകളുടെ പകർപ്പ്, ഫോട്ടോ എന്നിവ സഹിതമുള്ള വിവരങ്ങൾ പോലീസ് സ്റ്റേഷനുകളിൽ ശേഖരിച്ചുവരുന്നുണ്ട്. തൊഴിലുടമകളുമായി ബന്ധപ്പെട്ട് വരുന്ന അന്യസംസ്ഥാന തൊഴിലാളികളുടെ വിലാസവുംമറ്റ് വിവരങ്ങളും അതാതു സ്റ്റേഷനുകളിൽ ശേഖരിച്ചുവരുന്നുണ്ട്.<br>തൊഴിലുടമയുടെയും തൊഴിൽ സ്ഥാപനത്തിന്റെയും പേരും വിലാസവും, അന്യസംസ്ഥാന തൊഴിലാളിയുടെ പേരും വിലാസവും, ഫോട്ടോ, ഒപ്പ്, എന്നുമുതൽ ജോലി ചെയ്തുവരുന്നു തുടങ്ങിയ കാര്യങ്ങളും രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചുവരുന്നുണ്ട്. അന്യസംസ്ഥാനത്തു നിന്നും പുതുതായി ആളുകൾ സ്ഥിരമായ തൊഴിലുകൾക്കായി വരുമ്പോൾ അവരുടെ വിവരങ്ങൾ രജിസ്റ്ററിൽ കൂട്ടിച്ചേർക്കാറുണ്ട്. പോലീസ് |

സ്റ്റേഷനിൽ സ്റ്റേഷൻ ഹൌസ് ഓഫീസറെയാണ് ഇക്കാര്യങ്ങൾക്കായി ചുമതലപ്പെടുത്തിയിരിക്കുന്നത്. അന്യസംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന ഇടങ്ങളിലും തൊഴിലിടങ്ങളിലും പരിശോധന നടത്തുന്നതിനും അവരുടെ കൈവശമുള്ള തിരിച്ചറിയൽ രേഖകൾ കൃത്യമാണോ എന്ന് പരിശോധിച്ച് ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുന്നതിനും എല്ലാ പോലീസുദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

(സി) പരിചയമില്ലാത്തവരെയും ഐഡൻറിറ്റിപോലും കൃത്യമായി ലഭ്യമാക്കാത്തവരുമായ അന്യസംസ്ഥാനത്തൊഴിലാളികളെ വേതനക്കുറവ് മാത്രം പരിഗണിച്ച് വീടുകളുടെ സൂക്ഷിപ്പുജോലിപോലും ഏല്പിക്കുന്ന സാഹചര്യം ഒഴിവാക്കുവാൻ ജനമൈത്രി പോലീസിന്റെ നേതൃത്വത്തിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുമോ?

(സി) ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കാൻ ജനമൈത്രി പോലീസിന്റെ നേതൃത്വത്തിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.

Rajani.M

സെക്ഷൻ ഓഫീസർ

# അനുബന്ധം

NO. 889/LAI /SCRB/2015, dated 08.06.2015

| | A |
|---|---|
| DISTRICTS | ഈ സർക്കാരിന്റെ കാലത്ത് അന്യസംസ്ഥാന തൊഴിലാളികൾ പ്രതികളായ കേസുകളുടെ എണ്ണം. |
| TVM C | 55 |
| TVM RL | 29 |
| KLM C | 23 |
| KLM R | 33 |
| PTA | 75 |
| ALP | 57 |
| KTM | 67 |
| IDK | 7 |
| EKM C | 211 |
| EKM R | 269 |
| TSR C | 19 |
| TSR R | 30 |
| PKD | 21 |
| MPM | 193 |
| KKD C | 44 |
| KKD R | 59 |
| WYD | 4 |
| KNR | 37 |
| KSD | 15 |
| RLYS | 74 |
| TOTAL | 1322 |

Rajani · M
സെക്ഷൻ ഓഫീസർ